# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2273      04.11.2019-ൽ മറുപടിക്ക്

**<u>പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രം</u>**

**<u>ചോദ്യം</u>**
ശ്രീ.സജി ചെറിയാൻ

**<u>ഉത്തരം</u>**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ചെങ്ങന്നൂർ മണ്ഡലത്തിലെ ശാസ്താംകുളങ്ങര നരസിംഹ സ്വാമി ക്ഷേത്രത്തിന് പ്രളയത്തിൽ ഏറെ നാശനഷ്ടങ്ങൾ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചെങ്ങന്നൂർ മണ്ഡലത്തിലെ ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രം കേരള പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകമായി 1969-ൽ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. 2018-ലെ മഹാ പ്രളയത്തിൽ നരസിംഹസ്വാമി ക്ഷേത്രത്തിൽ വെള്ളം കയറുകയുണ്ടായി. എന്നാൽ സംരക്ഷിത സ്മാരകത്തിന് സാരമായ നാശനഷ്ടങ്ങൾ എന്തെങ്കിലും സംഭവിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ , നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ഉദ്യോഗ സ്ഥരുടെ പരിശോധനയുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ച തീരുമാനങ്ങളും നടപടികളും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ ? | (ബി) | പുരാവസ്തുവകുപ്പിലെ വിദഗ്ദ്ധർ നരസിംഹ സ്വാമി ക്ഷേത്രം പരിശോധിക്കുകയും, നരസിംഹസ്വാമി ക്ഷേത്രത്തിന്റെ പടിപ്പുരയ്ക്ക് സംഭവിച്ച ജീർണ്ണതയും മറ്റും ഒഴിവാക്കാനും, സമഗ്ര സംരക്ഷണ പ്രവർത്തികൾക്കുമായി 17,00,000/- (പതിനേഴ് ലക്ഷം രൂപ) യുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവർത്തി ഇ-ടെൻഡർ ചെയ്ത് നടപ്പിൽ വരുത്തി ക്കൊണ്ടിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**